**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1141** **10-08-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിലെ കുടിവെള്ള പരിശോധന ലാബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ജലവിഭവ വകുപ്പ് സജ്ജീകരിച്ചിരുന്ന കുടിവെള്ള പരിശോധന ലാബുകളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | കൈപ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ജല വിഭവ വകുപ്പ് സജ്ജീകരിച്ചിരുന്ന കുടിവെള്ള പരിശോധന ലാബുകളൊന്നും നിലവിലില്ല. |
| (ബി) | എത്ര വിദ്യാലയങ്ങളിൽ പ്രസ്തുത സംവിധാനം നിലനിൽക്കുന്നുണ്ട് എന്ന് അറിയിക്കാമോ; | (ബി) | ഭൂജലവകുപ്പ് മുഖേന സംസ്ഥാനത്ത് 28 സ്കൂളുകൾക്ക് പ്രാഥമിക ജലഗുണനിലവാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് (ഒരു ജില്ലയിൽ രണ്ട് സ്കൂളുകൾ വീതം) തൃശ്ശൂർ ജില്ലയിൽ ചുവടെ പറയുന്ന രണ്ട് സ്കൂളുകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കിട്ടുണ്ട്.<br>1.ഇരിങ്ങാലക്കുട മണ്ഡലത്തിലെ മോഡൽ ബോയ്സ് ഹൈസ്കൂൾ<br>2.തൃശ്ശൂർ മണ്ഡലത്തിലെ മോഡൽ ഗേൾസ് ഹൈസ്കൂൾ<br>ഓരോ സ്കൂളിനും ഓരോ ലക്ഷം രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതി എല്ലാ വിദ്യാലയങ്ങളിലേക്കും വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | സബ്ജക്ട് കമ്മിറ്റി III(ജലവിഭവം) 2023-24 –ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് 16.02.2023 -ൽ ചേർന്ന സമിതിയോഗത്തിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനാവശ്യമായ അവശ്യ ടെസ്റ്റുകൾ സംസ്ഥാനത്തെ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളുടെയും കെമിസ്ട്രി അദ്ധ്യാപകരുടെയും സഹകരണത്തോടെ നടത്തുന്നതിനായി എം.എൽ.എ/എം.പി ഫണ്ട് വിനിയോഗിക്കത്തക്ക രീതിയിൽ ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് രൂപീകരിക്കുന്നതിനായി ഭൂജലവകുപ്പും കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഒരു പ്രൊജക്ട് തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ